(Pages : 6, H – 3767

Reg. No. : ..............................

Name : ..................................

## First Semester M.A. Degree Examination, December 2019

## Malayalam Language and Literature

## ML 212 : MADHYAKALA SAHITHYAM

(Common for Malayalam Language and Literature and Malayalam with Media Studies)

(2013-18 Admissions)

Time : 3 Hours Max. Marks : 75

I. ഓരോ ചോദ്യത്തിനും രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) "ആശ്രമപദമിദമാർക്കുള്ളു മനോഹര-
മാശ്രയയോഗ്യം നാനാജന്തുസംവീതംതാനും
എത്രയുമാഹ്ലാദമുണ്ടായിതു മാനസേ മേ
തത്ത്വമെന്തെന്നരുൾ ചെയ്യേണം തപോനിധേ"
സന്ദർഭവും ആശയവും വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) "ഇന്നലെയോളമെന്തെന്നറിഞ്ഞീലാ
ഇന്നിനാളെയുമെന്തെന്നറിഞ്ഞീലാ
ഇന്നിക്കണ്ട തടിക്കു വിനാശവു-
മിന്നനേരമെന്നേതുമറിഞ്ഞീല."
പൂന്താനത്തിന്റെ ഈ വരികളിലടങ്ങിയ തത്ത്വചിന്ത വിശദീകരിക്കുക.

2. (a) "നളനെന്നിഹ കോപി ഭാതിരാജാ
ഗളിതോ ദൈവവശാദസൗസ്വരാജ്യാൽ
ലളിതം ദയിതം വനേവിനഷ്ടം
നളിനാക്ഷം വിചിനോമി കാനനേ ഞാൻ"

സന്ദർഭം വിശദീകരിക്കുക.

അല്ലെങ്കിൽ

(b) "ആടൽ കേട്ടിതി തഴയ്ക്കുമഗ്നിയിൽ
ചാടി മണ്ടിയണയും ദശാന്തരേ
ചൂടുകൊണ്ടു പിടയുന്ന ഘോരകാ
കാർക്കോടകം പുനരുദൈഷതാത്മവാൻ"

സന്ദർഭം വ്യക്തമാക്കി വിശദീകരിക്കുക.

3. (a) "കോകി നിന്മുഖം കണ്ടു
ചന്ദ്രനെന്ന് ചിന്തിച്ചു
ഏകാന്തം വിരഹത്തെ ശങ്കിച്ചിതാ
ഏകലോചനം കൊണ്ടു കോപമോടു നിന്നെയും
ശോകമോടപരേണ നോക്കുന്നു പതിയേയും"

വ്യാഖ്യാനിക്കുക.

അല്ലെങ്കിൽ

(b) "ഏണാങ്കുകുലദീപ എന്തഹോ ഭവാൻ
ക്ഷീണഭാവേന ശയിച്ചിടുന്നു തവ
ചേണാർന്ന മുഖപത്മം
മ്ലാനശോഭമായിപ്പോൾ
കാണുന്നതിനെന്തൊരു കാരണം കഥിക്കനീ"

സന്ദർഭം വ്യക്തമാക്കി വിവരിക്കുക.

4. (a) ''ദിക്കാലദ്യുതികൾ മിക്കവാറന്തരാ
പക്ഷപാതം പൂണ്ടിരക്കയാൽ വന്നുടൻ
പുഷ്കരബാണനും തൽകാമിനിയുമായ്''
- ആശയം വിശദമാക്കുക.

അല്ലെങ്കിൽ

(b) ആദ്യം ചതുർത്ഥം ചദാതും പുമർത്ഥമോ
നാസ്ഥയാ മറ്റതിങ്ങർത്ഥകാമപ്രദം
- ആശയം വിശദീകരിക്കുക.

5. (a) ''ശുണ്ഠിച്ചുവന്നൊരു കിർമ്മീരനെബ്ഭവാൻ
മണ്ടിച്ചുവെന്നല്ല രണ്ടായ് പിളർന്നതും
കുണ്ഠത്വമെന്യേ ബകനെ വധിച്ചതും
കണ്ടുകേട്ടുള്ളിലുറപ്പുണ്ടെനിക്കെടോ''
- ആര്? ആരോട് പറയുന്ന വരികളാണ്? സൂചിതം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) ''ചപലസ്ത്രീകളെപ്പോലെ കഥിക്കുന്നതെന്തെടോ ബാലേ
സഫലം നിന്നുടെ കാര്യം സപദി സംഭവിച്ചീടും''
- സന്ദർഭം എഴുതി വിശദീകരിക്കുക.

6. (a) ''ഇങ്കിരുന്താലിപ്പൊതു ഇനി വയറുപിളൈക്കമൊട്ടോം
തെക്ഷിണാപുമിയിലെ ചെന്റു വയർപിളൈക്കപോവോം''
- സന്ദർഭം എഴുതി വിശദീകരിക്കുക.

അല്ലെങ്കിൽ

(b) മാപ്പിളരാമായണത്തിൽ രാവണന്റെ അശോകവന പ്രവേശനം ആവിഷ്ക്കരിക്കുന്നതെങ്ങനെ?

7. (a) വർത്തമാനപ്പുസ്തകത്തിന്റെ ഭാഷാപരമായ പ്രാധാന്യം എന്താണ്?

അല്ലെങ്കിൽ

(b) വടക്കൻപാട്ടുകളുടെ ആഖ്യാനസവിശേഷതകൾ വിവരിക്കുക.

(7 × 3 = 21 Marks)

II. ഓരോ ചോദ്യത്തിനും നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) എഴുത്തച്ഛന്റെ സീതാസ്വയംവര വർണ്ണന വിവരിക്കുക.

അല്ലെങ്കിൽ

(b) എഴുത്തച്ഛന്റെ കാവ്യഭാഷയുടെ സവിശേഷതകൾ വിലയിരുത്തുക.

9. (a) ഭക്തിയും തത്ത്വചിന്തയും ജ്ഞാനപ്പാനയിൽ സമ്മേളിച്ചിരിക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കുക.

അല്ലെങ്കിൽ

(b) ഗിരിജാ കല്യാണം ഗീതപ്രബന്ധത്തിന്റെ ഭാഷാപരമായ സവിശേഷതകളെന്തെല്ലാമാണ്?

10. (a) കല്യാണസൗഗന്ധികം തുള്ളലിലെ ഭീമൻ ഒരു സാധാരണ മനുഷ്യനെപ്പോലെ പെരുമാറുന്നുവെന്ന് തോന്നുന്നുണ്ടോ? വിലയിരുത്തുക.

അല്ലെങ്കിൽ

(b) തുള്ളലിനെ ജനകീയമാക്കിത്തീർക്കുന്നതിൽ അതിന്റെ സാഹിത്യപാഠത്തിനുള്ള പങ്കെന്താണ്?

11. (a) തെക്കൻപാട്ടിന്റെ സവിശേഷതകളെന്തെല്ലാമാണ്?

അല്ലെങ്കിൽ

(b) നാടൻപാട്ടുകളുടെ പൊതുസ്വഭാവമെന്താണ്?

12. (a) മാപ്പിളരാമായണം - വിവരണം തയ്യാറാക്കുക.

അല്ലെങ്കിൽ

(b) ഭാഷാനൈഷധം ചമ്പുവിന്റെ ഭാഷാപരമായ സവിശേഷതകളെന്തെല്ലാം?

(5 × 6 = 30 Marks)

III. ഓരോ ചോദ്യത്തിനും **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) ഈ നാടിന് ഭാവൈക്യം നല്കിയ ആദ്യകവിയായി എഴുത്തച്ഛനെ വിലയിരുത്തുന്നതെന്തുകൊണ്ട്?

അല്ലെങ്കിൽ

(b) വരേണ്യസാഹിത്യത്തിനും കലയ്ക്കുമെതിരേ പ്രതിഷ്ഠിച്ച ജനകീയ കലയാണോ തുള്ളൽ? വിലയിരുത്തുക.

14. (a) കീർത്തനപദ്ധതിയിൽ ജ്ഞാനപ്പാനയ്ക്കുള്ള സ്ഥാനം പരിശോധിക്കുക.

അല്ലെങ്കിൽ

(b) ഇരയിമ്മൻതമ്പിയുടെ രചനാപാടവം ഉത്തരാസ്വയംവരം മുൻനിർത്തി പരിശോധിക്കുക.

15. (a) മധ്യകാലചമ്പുക്കളുടെ പൊതുസ്വഭാവങ്ങൾ പാഠ്യഭാഗം മുൻനിർത്തി പരിശോധിക്കുക.

അല്ലെങ്കിൽ

(b) ജനകീയഗാനശാഖയുടെ പൊതുസ്വഭാവങ്ങളെന്തെല്ലാമാണ്? ചർച്ച ചെയ്യുക.

(3 × 8 = 24 Marks)

---